# എരിയുന്ന ശ്രീലങ്ക

**മൂന്നു** പതിറ്റാണ്ട് കാലമായി നീറിക്കൊണ്ടിരിക്കുകയാണ് ശ്രീലങ്കയിലെ വംശീയപ്രശ്നം. പതിനായിരക്കണക്കിന് മനുഷ്യരുടെ ജീവൻ അപഹരിക്കുകയും അനേകായിരങ്ങൾ ഭവനരഹിതരാക്കപ്പെടുകയും ചെയ്ത ഈ പ്രശ്നത്തിന് പരിഹാരം കാണാൻ ചേരിചേരാ പ്രസ്ഥാനത്തിന്റെ നായകത്വം വഹിക്കുന്ന ഇന്ത്യക്കോ ഐക്യരാഷ്ട്രസഭക്കോ ലോക പോലീസ് ചമയുന്ന അമേരിക്കക്കോ കഴിയാതെ പോവുന്നത് എന്തുകൊണ്ടാണ്? ശ്രീലങ്കയെ സമാധാനാന്തരീക്ഷത്തിലേക്ക് തിരിച്ചുകൊണ്ടുവരുന്നതിലുപരി, വോട്ടുബാങ്ക് ലക്ഷ്യംവെച്ചു പക്ഷംപിടിക്കുന്ന പതിവ് ശൈലിയാണ് കാണാൻ കഴിയുന്നത്. ശ്രീലങ്കയിൽ മാറി മാറിവരുന്ന സർക്കാറുകളും ഭരണാധികാരികളും ഇതേ ശൈലി തുടരുന്നു.

തമിഴ്നാടിനോടടുത്ത വലുപ്പവും കേരളത്തിന്റെ അത്രയും ജനസംഖ്യയുമുള്ള പ്രകൃതിരമണീയമായ ഒരു ദ്വീപ്. സുഗന്ധദ്രവ്യങ്ങളും നാണ്യവിളകളും യഥേഷ്ടം കൃഷി ചെയ്യാൻ പറ്റിയ മണ്ണ്. ഒരു കാലത്ത് വിദേശ ടൂറിസ്റ്റുകളുടെ ഇഷ്ട പറുദീസയായിരുന്നു. പ്രകൃതി ഒരുക്കിയ അനുഗ്രഹം ഉപയോഗപ്പെടുത്തി ലോക നിലവാരത്തിലുള്ള കപ്പൽ തുറമുഖം. ഇതെല്ലാം ശ്രീലങ്കയുടെ സാമ്പത്തിക പുരോഗതിക്ക് താങ്ങും തണലുമാകുമായിരുന്നു. തമിഴ്നാട്ടിൽനിന്നും കേരളത്തിൽനിന്നും മാത്രമല്ല മറ്റു രാജ്യങ്ങളിൽനിന്നു പോലും തൊഴിൽ തേടി ആളുകൾ ശ്രീലങ്കയിലെത്തിയിരുന്നു. ശ്രീലങ്കയുടെ വടക്കൻ പ്രദേശമായ തലൈമന്നാറിൽനിന്നും തമിഴ്നാട്ടിലെ രാമേശ്വരത്തേക്ക് 25 കിലോമീറ്റർ മാത്രം ദൂരം. സംഘർഷഭരിതമാകുന്നതിനു മുമ്പുവരെ തലൈമന്നാറിൽനിന്ന് രാമേശ്വരത്തേക്ക് ഒന്നിടവിട്ട ദിവസങ്ങളിൽ കപ്പൽ സർവീസുണ്ടായിരുന്നു. ഈ സമയങ്ങളിൽ മധുര, രാമനാട് തുടങ്ങിയ നഗരങ്ങളിൽനിന്ന് പ്ലാസ്റ്റിക് പാത്രങ്ങൾ, തുണിത്തരങ്ങൾ തുടങ്ങി നിരവധി ഉൽപന്നങ്ങൾ ശ്രീലങ്കക്കാർ കപ്പൽമാർഗം വാങ്ങിക്കൊണ്ടുപോയിരുന്നു. ഇത് തമിഴ്നാട്ടിന് തൊഴിലും സാമ്പത്തികാഭിവൃദ്ധിയും നൽകിയിരുന്നു.

സമാധാനാന്തരീക്ഷം നിലനിന്നിരുന്നെങ്കിൽ, തമിഴ്നാടിന്റെയും ശ്രീലങ്കയുടെയും മുഖഛായ എത്രയോ സുന്ദരവും സമൃദ്ധവുമാകുമായിരുന്നു. ശത്രുക്കൾ ആസൂത്രണം ചെയ്യുന്ന പദ്ധതികളിൽ സ്വാർഥമോഹികളായ ചിലർ അകപ്പെടുമ്പോൾ അതിന്റെ ദുരിതം പേറേണ്ടിവരുന്നത് നിരപരാധരായ ജനങ്ങളാണ്. വംശീയ പ്രശ്നം ഉടലെടുത്തതിനു ശേഷം ഭക്ഷ്യവസ്തുക്കൾക്ക് ക്രമാതീതമായി വില വർധിച്ചതിനാൽ ഗൾഫു നാടുകളിൽ ജോലി ചെയ്യുന്ന ശ്രീലങ്കക്കാർ അവധിക്ക് നാട്ടിൽ പോവുമ്പോൾ വലിയ മരപ്പെട്ടികളിൽ പഞ്ചസാര, പയർ തുടങ്ങിയ ഭക്ഷണ സാധനങ്ങൾ കൊണ്ടുപോകുന്നത് പതിവു കാഴ്ചയാണ്. സിംഹള-പുലി പ്രശ്നങ്ങളിൽ കക്ഷികളല്ലാത്ത അനേകായിരങ്ങൾ എല്ലാ സമ്പാദ്യങ്ങളും ഉപേക്ഷിച്ച് അഭയാർഥി ക്യാമ്പുകളിലും മറ്റു സുരക്ഷിത കേന്ദ്രങ്ങളിലും കുടിയേറിയിരിക്കുന്നു. ഇത്തരത്തിൽ പെട്ട പലരുമായും പ്രവാസജീവിതത്തിനിടയിൽ ഇടപെടേണ്ടി വന്നിട്ടുണ്ട്. അവരുടെ ദുരിതങ്ങൾ ആരെയും വേദനിപ്പിക്കുന്നതാണ്. നാലു വശവും കടലും വനപ്രദേശവുമുള്ള ഇവിടെ അനധികൃതമായി ആയുധം കടത്താനുള്ള എല്ലാ സൗകര്യവുമുണ്ട്. ഇത് പരമാവധി ഉപയോഗപ്പെടുത്തി ബാഹ്യശക്തികൾ അരങ്ങുതകർക്കുമ്പോൾ ഒരു നാടിനും ജനതക്കും എന്തു സംഭവിക്കുമെന്ന് എല്ലാവരും ആലോചിക്കുന്നത് നന്ന്.

**കെ.എ ജബ്ബാർ അമ്പലപ്പുഴ**




# ഖത്വീബുമാർ വായിച്ചറിയാൻ

**കെ.ടിയുടെ** പ്രസ്ഥാന യാത്രകൾ വളരെ ശ്രദ്ധേയമായ പരമ്പരയായിരുന്നു. അനുഭവങ്ങളും ജീവിത യാഥാർഥ്യങ്ങളും മാതൃകയാക്കേണ്ടതാണ്. 'ജുമുഅ ഖുത്വ്ബകൾ' എന്ന ഭാഗം (ഫെബ്രുവരി 21) ഖത്വീബുമാർ പഠിക്കേണ്ടതാണ്.

കെ.ടി വിവരിച്ച കാര്യങ്ങൾ മസ്ജിദ് കൗൺസിലിന് കീഴിലുള്ള പള്ളികളിലെ ഖത്വീബുമാർ പോലും പരിഗണിക്കാറില്ല എന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്. മുമ്പ് ഒരു ഖുത്വ്ബ പരിശീലന ക്യാമ്പിൽ പങ്കെടുത്തിരുന്നു. ബഹുമാന്യനായ കെ. മൊയ്തു മൗലവി 'ഖുത്വ്ബ നടത്തേണ്ടത് എങ്ങനെ' എന്ന തലക്കെട്ടിൽ മേൽ സൂചിപ്പിച്ച കാര്യങ്ങൾ ഭംഗിയായി പറഞ്ഞുതന്നത് ഓർക്കുന്നു.

ഒരിക്കൽ ഒരു യുവ പണ്ഡിതന്റെ ഖുത്വ്ബ കേൾക്കാനിടയായി. വലിയ ശബ്ദത്തിൽ പരസ്പര ബന്ധമില്ലാത്ത കുറേ കാര്യങ്ങൾ പറഞ്ഞു. ഖുത്വ്ബക്ക് ശേഷം അദ്ദേഹവുമായി സംസാരിച്ചു. 'താങ്കൾക്ക് ഭാവിയുണ്ട്. എന്നാൽ രണ്ടു കാര്യങ്ങൾ ശ്രദ്ധിക്കണം. ഒന്ന്, ശബ്ദക്രമീകരണം നടത്തണം. രണ്ട്, ഖുത്വ്ബയുടെ വിഷയം ക്രോഡീകരിച്ച് നോട്ട് തയാറാക്കി മാത്രമേ ഖുത്വ്ബ നടത്താവൂ.' ഉടനെ അദ്ദേഹത്തിന്റെ മറുപടി: 'ഏയ്, എനിക്കതിന്റെയൊന്നും ആവശ്യമില്ല.'

മൊയ്തു മൗലവി അന്ന് പറഞ്ഞ മറ്റൊരു കാര്യം, ജുമുഅ അരമണിക്കൂറിൽ കൂടരുത് എന്നായിരുന്നു. ടൈംടേബ്ളും ഉണ്ടാക്കിത്തന്നു. ബാങ്ക്, ഹംദ്, സ്വലാത്ത്: 5 മിനിറ്റ്. പ്രസംഗം: 20 മിനിറ്റ്, നമസ്കാരം: 5 മിനിറ്റ്. മൊത്തം 30 മിനിറ്റ്. നിർബന്ധമാണെങ്കിൽ 5 മിനിറ്റ് കൂടിയെടുക്കാം. വിഷയങ്ങൾ സമയത്തിനനുസരിച്ച് തെരഞ്ഞെടുത്ത് ഭംഗിയായി ക്രോഡീകരിക്കണം. നമസ്കാരം ഇത്തിരി ദീർഘിപ്പിക്കാം.

എന്നാൽ മിക്ക ജുമുഅ ഖുത്വ്ബകളിലും സമയനിഷ്ഠ പാലിക്കാറില്ല. പല ഖത്വീബുമാരോടും വിഷയം ഉണർത്താറുണ്ടെങ്കിലും ഫലം നാസ്തി. അധ്യാപകർ, വിദ്യാർഥികൾ, ഓഫീസ് ജീവനക്കാർ എന്നിങ്ങനെ പലരും സംബന്ധിക്കുന്ന ജുമുഅ നീണ്ടുപോകുന്നത് വലിയ പ്രയാസം തന്നെ. പലരും പറയാൻ മടിക്കുന്നു. മനസ്സ് മടുക്കുമ്പോൾ ജുമുഅക്ക് വരാതാകുന്നു. ഖത്വീബുമാർ ഈ വിഷയങ്ങൾ ശ്രദ്ധിച്ചിരുന്നെങ്കിൽ!

**സി.കെ.എം മാറഞ്ചേരി**

ഒഴിച്ചുള്ള ഭാഗങ്ങൾ മറച്ചുകൊണ്ടാവണം' എന്ന് വിശുദ്ധ ഖുർആൻ അനുശാസിക്കുന്നുണ്ട്. പർദ ഒഴിവാക്കി കേരളീയ സ്ത്രീകളുടെ സാരിയും ബ്ലൗസും മറ്റും സ്വീകരിക്കുന്നത് നിഷിദ്ധവുമല്ല. സ്വീകരിക്കുന്ന വസ്ത്രധാരണം മുകളിൽ പറഞ്ഞ നിബന്ധനകൾ പാലിക്കപ്പെടുന്ന വിധത്തിലാവണം എന്നു മാത്രം.

**റഹ്മാൻ മധുരക്കുഴി**

## തിരിച്ചറിവിന് മതബോധം തന്നെ വേണം

**ധാർമികതയുടെ** അതിർവരമ്പുകൾ ലംഘിച്ച് സമ്പത്ത് വാരിക്കൂട്ടുന്നവർക്കുള്ള മുന്നറിയിപ്പാണ് 'നിഷിദ്ധ സമ്പാദ്യം വർജിക്കുക' എന്ന തലക്കെട്ടിൽ വന്ന *വഴിവെളിച്ചം* (ലക്കം 35). ആരാധനാ രംഗത്ത് സൂക്ഷ്മത പുലർത്തുന്ന പലരും സാമ്പത്തിക രംഗത്ത് ആ സൂക്ഷ്മത പുലർത്തിക്കാണുന്നില്ല. ഗൾഫ് മലയാളികളിൽ ഈ പ്രവണത കൂടുതലായി കാണാം. മോഷ്ടിക്കുന്നത് അറബിയുടേതാണെങ്കിൽ കുഴപ്പമില്ല എന്ന മനോഗതം വരെ ചിലർക്കുണ്ട്. ഒരേ പാത്രത്തിൽനിന്ന് ഉണ്ണുകയും ഒരേ മുറിയിൽ ഉറങ്ങുകയും ചെയ്യുന്ന സ്വന്തം നാട്ടുകാരെ പോലും ക്രൂരമായി കൊന്നും കാര്യം സാധിച്ചെടുക്കാൻ ശ്രമിക്കുന്ന ഭീതിതമായ അവസ്ഥയും ഉണ്ട്.

ആർത്തിയുടെയും ദുരയുടെയും പൊങ്ങച്ചത്തിന്റെയും മോഹവലയത്തിൽപ്പെട്ട് സുഖാഡംബരങ്ങൾ വാരിക്കൂട്ടാനുള്ള നെട്ടോട്ടത്തിനിടയിൽ പരലോക വിചാരണയെക്കുറിച്ച അജ്ഞതയോ അശ്രദ്ധയോ ആണ് ആളുകളെ ഇത്തരത്തിൽ സമ്പാദിക്കാൻ പ്രേരിപ്പിക്കുന്നത്. അരുതാത്തത് ആഗ്രഹിക്കുമ്പോഴും അതിനായി വെമ്പൽ കൊള്ളുമ്പോഴും കാലം തരുന്ന സമ്മാനം നിരാശയായിരിക്കുമെന്ന തിരിച്ചറിവ് പലർക്കും നഷ്ടമായിരിക്കുന്നു. ഉള്ളതുകൊണ്ട് തൃപ്തിപ്പെട്ടു കഴിയുക എന്ന മഹനീയ മാതൃക പലരും വിസ്മരിച്ചിരിക്കുന്നു. ധർമം അനുശാസിക്കുന്നവിധം സമ്പാദിച്ചതേ ഉപയോഗിക്കാവൂവെന്നും ഭാര്യാസന്താനങ്ങളെ കൊണ്ട് തീറ്റിക്കാവൂവെന്നും തിരിച്ചറിവുണ്ടാവണമെങ്കിൽ മതബോധം തന്നെയുണ്ടാവണം.

**അബൂ ഹബീബ് വരോട്, ദമ്മാം**

## വസ്ത്രധാരണവും പ്രാദേശിക ഇസ്‌ലാമും

**പ്രവാചകൻ** തന്റെ നാടിന്റെ പൊതു സമ്പ്രദായമനുസരിച്ച് സ്വീകരിച്ച വസ്ത്രധാരണരീതി, ലോകത്തുള്ള സർവ മനുഷ്യരും ഏതു കാലഘട്ടത്തിലും അതേപോലെ സ്വീകരിക്കുന്നതാണ് അഭികാമ്യം എന്ന് ചിലർക്ക് അഭിപ്രായമുണ്ട്. ഈ വീക്ഷണത്തോട് വിയോജിച്ചുകൊണ്ട്, ശറഇന്റെ തത്ത്വത്തോട് വിരുദ്ധമാകാത്ത തദ്ദേശവാസികളുടെ വസ്ത്രധാരണ രീതി അനുധാവനം ചെയ്യാനാണ് പ്രവാചകൻ പഠിപ്പിച്ചതെന്ന ഈജിപ്ത് ഫത്‌വാ സമിതിയുടെ വിശകലനം ശ്രദ്ധേയമാണ് (ലക്കം 31).

എന്നാൽ, വസ്ത്രധാരണ വിഷയത്തിലുള്ള ഫത്‌വയുടെ മറപിടിച്ച്, പ്രാദേശിക ഇസ്‌ലാം എന്ന സങ്കൽപത്തെ ഇസ്‌ലാം മുന്നോട്ടുവെക്കുന്നുവെന്നും വേഷത്തിൽ മാത്രമല്ല, ശീലങ്ങളിലും ആചാരങ്ങളിലും അനുഷ്ഠാന രൂപങ്ങളിലുമെല്ലാം പ്രാദേശികതയെ ഇസ്‌ലാം അംഗീകരിക്കുന്നുവെന്നുമൊക്കെ എ.പി കുഞ്ഞാമു (ലക്കം 36) പറയുന്നതുപോലെ ഉദാരമായി വായിച്ചെടുക്കാമോ? ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലുമെല്ലാം പ്രാദേശികതയെ ഇസ്‌ലാം അംഗീകരിക്കുന്നുവെന്ന് വാദിക്കുമ്പോൾ, വസ്ത്രധാരണത്തിന്റെ കാര്യത്തിൽ ഫത്‌വാ സമിതി ചൂണ്ടിക്കാണിച്ച 'ശറഇന്റെ പൊതുതത്ത്വത്തോട് വിരുദ്ധമാകാത്ത' എന്ന വ്യക്തമായ നിബന്ധന ഇക്കാര്യത്തിലും കണിശമായും ദീക്ഷിക്കേണ്ടതുണ്ട്. പ്രാദേശികമായ ആചാരങ്ങളും അനുഷ്ഠാനങ്ങളും ഇസ്‌ലാമിന്റെ മൗലിക തത്ത്വത്തോട് ഏറ്റുമുട്ടുന്നതാണെങ്കിൽ, ഇസ്‌ലാം പ്രാദേശികതയെ അംഗീകരിക്കുന്നുവെന്ന ന്യായം അപ്രസക്തമായിത്തീരും.

'ഫത്‌വയുടെ പൊരുൾ മുഖവിലക്കെടുത്താൽ കേരളീയ സമൂഹത്തിൽ ഇന്ന് പ്രചരിച്ചുകൊണ്ടിരിക്കുന്ന പർദാ സമ്പ്രദായം ശരിയായ രീതിയല്ല' എന്ന് കുഞ്ഞാമു പറയുന്നു. സ്ത്രീകൾ ഒരു പ്രത്യേകതരം വസ്ത്രമേ ധരിക്കാവൂ എന്ന് ശരീഅത്ത് അനുശാസിക്കുന്നില്ല. വസ്ത്രധാരണം നാണംമറക്കാൻ ഉതകുന്നതാകണം എന്നത് ശറഇന്റെ വിധിയാണ്. നാണംമറക്കേണ്ടത്, 'മുഖവും മുൻകൈയും

## ചുരുക്കെഴുത്ത്

**ഫെബ്രുവരി** 21-ലെ (ലക്കം 36) മുഖക്കുറിപ്പിൽ പരാമർശിച്ച ബറാക് ഒബാമയുടെ അഭിമുഖം പ്രസിദ്ധീകരിച്ച ചാനൽ *അൽജസീറ*യല്ല, *അൽ അറബിയ്യ* ആണ്.

**അബൂ ആദിൽ റിയാദ്**

**പർദ** നമ്മുടെ മുഖ്യധാരാ മാധ്യമങ്ങൾക്ക് ഇഷ്ടപ്പെട്ട തർക്ക വിഷയമാണ്. പർദ നിർബന്ധമല്ല; ചോയ്സാണ്; സ്ത്രീകൾക്ക് സുരക്ഷ നൽകുന്നു എന്നെഴുതിയ പ്ലക്കാർഡ് ഉയർത്തിയാണ് മുസ്‌ലിം സംഘടനകൾ എതിർപ്പുകളെ പ്രതിരോധിക്കുന്നത്. പർദ ഒരു വസ്ത്ര സംസ്കാരമാണ്. അത് മാന്യമായ ഏതു രീതിയിലും ആകാം. എന്നാൽ എല്ലാവരും കറുത്ത പർദ ധരിക്കുന്നത് ഇസ്‌ലാമിന്റെ സൗന്ദര്യ സങ്കൽപങ്ങളെക്കുറിച്ച് തെറ്റായ അടയാളം നൽകാനാണ് സാധ്യത. വേറെയെത്ര നിറങ്ങളുണ്ട്. എന്തേ കറുപ്പിനിത്ര മഹത്വം? നിഖാബ് (മുഖംമൂടി) ധരിക്കുന്നതും പല പ്രശ്നങ്ങളും സൃഷ്ടിക്കുന്നുണ്ട്. ആളെ തിരിച്ചറിയാനുള്ള പ്രയാസം ഉദാഹരണം. ഗൾഫ് സ്വാധീനം കൊണ്ടാണ്, അറബി സ്ത്രീകൾ മരുഭൂമിയിലെ പൊടിക്കാറ്റിൽനിന്ന് രക്ഷതേടുന്നതിന് പ്രതിരോധ കവചമായുപയോഗിക്കുന്ന ഈ 'മുഖംമൂടി' കേരളത്തിലെത്തിയത്. കേരളത്തിലെന്തിനാണിത്?

**കമാൽ വേങ്ങര**